**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1605** **31.01.2018- ൽ മറുപടിയ്ക്ക്**

**കൃഷി ആഫീസിലെ ഫയലിൽ സ്വീകരിച്ച നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | **ശ്രീ. വി.എസ്. സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി)** |
| (എ) തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ആഫീസിൽ TB(2) 1415/17 നമ്പർ പ്രകാരം നിലവിലുള്ള ഫയലിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ; | (എ) റ്റി.ബി.(2)1415/17 നം. ഫയൽ പ്രകാരം ശ്രീ ജയരാജ് താഴെ വിളയിൽ വീട് , പേടികളം പുളിമാത്ത് പി.ഒ. എന്നയാളുടെ അപക്ഷ 30/01/2018-ന് കൂടുന്ന ജില്ലാതല അധികൃത സമിതിയിൽ സമർപ്പിച്ച് തീരുമാനമെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഫയലിന് ആസ്പദമായ, ശ്രീ. ജയരാജ്, താഴെ വിളയിൽ വീട്, പേടികളം, പുളിമാത്ത് എന്ന വ്യക്തിയുടെ അപേക്ഷ വാമനപുരം കൃഷി ഭവനിൽ എന്നാണ് ലഭിച്ചത്; | (ബി) 30/01/2017-ന് |
| (സി) അപേക്ഷ ലഭിച്ചതിനു ശേഷം അതിന്മേൽ വിവിധ ആഫീസുകളിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) വാമനപുരം കൃഷി ഭവനിൽ 30/01/2017 ൽ ലഭിച്ച അപേക്ഷയുടെ പരിശോധനയ്ക്കായി സ്ഥലത്തിന്റെ ലൊക്കേഷൻ മാപ്പ്, സാക്ഷ്യപത്രം, വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് എന്നിവ ലഭിക്കുന്നതിനായി വാമനപുരം വില്ലേജ് ആഫീസർക്ക് കൃഷി ഓഫീസർ കത്ത് നൽകുകയും, 07/2/2017-ന് വില്ലേജ് ആഫീസറുടെ റിപ്പോർട്ട് കൃഷി ഓഫീസർക്ക് ലഭിക്കുകയും ചെയ്തിരുന്നു. തുടർന്ന് 14/02/2017-ലെ പ്രാദേശികതല |

നിരീക്ഷണ സമിതി അംഗങ്ങളുടെ ആവശ്യപ്രകാരം സ്ഥലപരിശോധന നടത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നു. പ്രാദേശികതല നിരീക്ഷണ സമിതികൾ പുനസംഘടനാ നടപടികൾ സ്വീകരിച്ച് തുടങ്ങിയതിനാൽ അടുത്ത സമിതി യോഗം 25/11/2017-ൽ മാത്രമേ കൂടുവാൻ സാധിച്ചുള്ളൂ. പ്രസ്തുത യോഗത്തിന്റെ ശുപാർശയോടെ അപേക്ഷ 6/12/2017-ന് ജില്ലാതല അധികൃത സമിതിയ്ക്ക് അയയ്ക്കുകയും ചെയ്തതായി പ്രാദേശികതല നിരീക്ഷണ സമിതി കൺവീനറായ വാമനപുരം കൃഷി ഭവനിലെ കൃഷി ഓഫീസർ അറിയിക്കുകയുണ്ടായി. 08/12/2017-ൽ ജില്ലാ ഓഫീസിൽ ലഭിച്ച ടി അപേക്ഷ 30/01/2018-ലെ ജില്ലാതല അധികൃത സമിതിയോഗത്തിൽ പരിഗണിക്കുന്നതിനുള്ള നടപടികൾ ജില്ലാതല സമിതി കൺവീനറായ തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**